ഉത്തരം

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ ആവശ്യം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം നവീകരണ പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

(ബി) അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത കാരണം മൃഗങ്ങൾ ചത്തൊടുങ്ങുന്ന അവസ്ഥ ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിട്ടില്ല.

(സി) മൃഗങ്ങളുടെ മെച്ചപ്പെട്ട സംരക്ഷണ പ്രവർത്തനങ്ങൾക്കും മൃഗശാലയുടെ അടിസ്ഥാന നവീകരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

(ഡി) ടി തുകകൾ യഥാർത്ഥമായി ഉപയുക്തമാക്കാൻ സാധിച്ചിട്ടുണ്ട്.

മൃഗശാലകളുടെയും മ്യൂസിയങ്ങളുടേയും നവീകരണം

308(697) ശ്രീ. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരിത്രമ്യൂസിയത്തിന്റെ നവീകരണം, മൃഗശാലകളിലും മ്യൂസിയങ്ങളിലും ഇന്ററാക്ടീവ് ഡിസ്പ്ലേ യൂണിറ്റുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 14.5 കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവൃത്തികളുടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

മ്യൂസിയവും മൃഗശാലയും വകുപ്പിന്റെ 2014-15 വർഷത്തെ ആകെയുള്ള പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായി 14.50 കോടി രൂപ അനുവദിച്ചിരുന്നു. അതിൽ നിന്നും വിവിധ പദ്ധതികൾക്കായി 1007.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ബഡ്ജറ്റ് തുക 2014-15 സാമ്പത്തിക വർഷം ചെലവഴിച്ചതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി* ചേർക്കുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 655,657,679,693 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly